# പയ്യന്നൂർ നഗരസഭ

## കുടുംബശ്രീ

Bineesh joy                City Mission Manager

### ദേശീയ നഗര ഉപജീവന മിഷൻ (എൻ യു എൽ എം)

1.എൻ യു എൽ എം പദ്ധതി വഴി 63 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

Formed 63 new NHGs under NULM Scheme

2.32 സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

Formed Special 32 NHGs

3. രണ്ട് അയൽക്കൂട്ടങ്ങൾ പുനരുജ്ജീവിപ്പിച്ചു

Revived of 2 defunct NHGs

4.റിവോൾവിംഗ് ഫണ്ടായി 10,000 രൂപ വീതം 577 അയൽക്കൂട്ടങ്ങൾക്കും 44 എ ഡി എസ്സുകൾക്ക് 50,000 രൂപ വീതം വിതരണം ചെയ്യുകയുണ്ടായി.

Distributed Rs.10000 as revolving fund to 577 NHG and Rs.50000 to 44 ADS

5. അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ, ഗ്രേഡിങ്ങ്, വിവിധ മൊഡ്യൂൾ പരിശീലനങ്ങൾ എന്നിവ നൽകി വരുന്നു.

Providing services related to grading, linkage and Module 1 & 2 trainings to NHG members

6.ലിങ്കേജ് ലോണിന്റെ പലിശ സബ്സിഡി 433 അയൽക്കൂട്ടങ്ങൾക്ക് 33,61,415 രൂപ നൽകുകയും ചെയ്തു.

Distributed linkage subsidy Rs.33,61,415 to 433 NHGs

7.സ്വയം തൊഴിൽ പദ്ധതിയുടെ പ്രചാരണാർത്ഥം നിരവധി ക്യാമ്പയിനുകൾ നഗരസഭ തലത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 154 പേർക്ക് ഇ ഡി പി പരിശീലനം നൽകി.

Conducted mobilisation camps in municipality and EDP training given 154 persons.

8. നാളിതു വരെ 74 വ്യക്തിഗത സംരംഭങ്ങളും 9 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചു.

Established 74 individual enterprises and 9 Group enterprises

9.8 സംരംഭങ്ങൾ അയൽക്കൂട്ടം / എ.ഡി.എസ് റിവോൾവിങ്ങ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ചു.

Started 8 enterprise is started with the NHG/ADS RF

10. സ്വയം തൊഴിൽ ആരംഭിച്ച 57 സംരംഭകർക്ക് 3,19,686 രൂപ സബ്സിഡി തുക വിതരണം ചെയ്തു

Distributed Sep subsidy to Rs.3,19,686 to 57 entrepreneurs

11. തെരുവു കച്ചവടക്കാർക്കുള്ള സഹായ പദ്ധതിയുടെ ഭാഗമായി 120 പേരെ സർവ്വേയിൽ കണ്ടെത്തുകയും എല്ലാവർക്കും ഐ ഡി കാർഡ് വിതരണം ചെയ്യുകയും ചെയ്തു. വെൻഡിങ്ങ് സർട്ടിഫിക്കറ്റ് കൊടുക്കുവാനും ടി വി സി ഇലക്ഷൻ നടത്തുവാനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു.

Provided ID cards to 120 street vendors and process is going on to conduct TVC election and to provide vending certificate .

12.തെരുവു കച്ചവടക്കാരിൽ ഒരാൾക്ക് സംരംഭം തുടങ്ങാൻ ബേങ്ക് വഴി ലോൺ ലഭ്യമാക്കി.

Established one individual enterprises by a street vendor through bank loan

13.വനിത വഴിയോര കച്ചവടക്കാരായ 4 പേരെ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കി

Inclusion of 4 women street vendors into Kudumbashree network

**14.നൈപുണ്യ പരിശീലനവും തൊഴിൽ അവസരങ്ങൾ ഉറപ്പാക്കലും (ഇ എസ് ടി &പി)** പദ്ധതിയുടെ പ്രചരണാർത്ഥം നിരവധി മൊബിലൈസേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചു. തൊഴിൽ പരിശീലനവും ശമ്പള വ്യവസ്ഥയിൽ ജോലി ലഭ്യമാക്കലും നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 172 ഉദ്യോഗാർത്ഥികളാണ് വിവിധ കോഴ്സുകളിൽ റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ പരിശീലനത്തിൽ പ്രവേശിക്കുകയും അതിൽ നിരവധി പേർക്ക് തൊഴിൽ ലഭിക്കുകയുണ്ടായി. ഇ എസ് ടി പി ഘടകത്തിൽ 62 കുട്ടികൾക്ക് ടി എ പി പി എസ് ഇനത്തിൽ 1,95,530 രൂപ നൽകി

Conducted various mobilisation camps under ESTP programme and training given to 172 candidates in various residential and non-residential courses from Payyannur Municipality and successful candidates got placement. Rs 1,95,530 as TA & PPS distributed to 62 candidates.

ഇ എസ് ടി പി ആയുർവേദ സ്പാ പരിശീലനം പൂർത്തിയാക്കിയ ആൾ എൻ യു എൽ എം എസ് ഇ പി ഘടകത്തിൽ ബേങ്ക് വഴി ലോൺ ലഭ്യമാക്കി സംരംഭം ആരംഭിച്ചു.

Started enterprise through bank loan by an ESTP candidates

**15.നഗരത്തിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി**

പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച അഭയകേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 162 ലക്ഷം അടങ്കലുള്ള പദ്ധതിക്ക് 127 ലക്ഷം രൂപ എൻ യു എൽ എം പദ്ധതി വഴിയും അവശേഷിച്ച 35 ലക്ഷം രൂപ നഗരസഭയുടെ വിഹിതമായി അനുവദിച്ചു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി മണ്ണ് പരിശോധന പൂർത്തിയാക്കുകയും സാങ്കേതിക അനുമതിക്കായിട്ടുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

Sanctioned a shelter to payyannur municipality for hospital bystanders of Payyannur Taluk hospital.waiting for the technical santion

16.നാനോ മാർക്കറ്റ് 2 എണ്ണം ആരംഭിച്ചു.

Established two nano markets and linked 8 units

17.മനോരമ ഫെസ്റ്റിനോടനുബന്ധിച്ച് ഫുഡ് മേള സംഘടിപ്പിച്ചു.

Conducted food festivel in connection with manorama fest

18.ഓണം വിപണന മേളയിൽ ജില്ലയിലെ മികച്ച സി ഡി എസ്സ്

Best CDS in the onam mela sales at the district level

19.കാപ്പാട് ബീച്ചിൽ ഫുഡ് കിയോസ്ക് തുടങ്ങുന്നതിനുള്ള പ്രപ്പൊസൽ ജില്ലാമിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

Proposal submitted to district mission to start a kiosk at kappadu beech

20.മാസചന്ത നല്ല രീതിയിൽ നടത്തുന്നു.

conducting monthly market regulerly

21. സി ഇ എഫ് രണ്ട് ഗ്രൂപ്പ് സംരംഭങ്ങളുടെ അപേക്ഷ സംസ്ഥാന മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

CEF application submitted for 2 group enterpris

22. കുടുംബശ്രീ ആമസോൺ വിൽപ്പനയ്ക്ക് 9 ഉൽപ്പന്നങ്ങൾ നൽകി –

9 Product given for kudumbashree amzon sales

23.ഹർഷം – 2 പേരെ പരിശീലനത്തിന് അയച്ചു.

2 candidate sent for harsham training

24. വുമൺ വെൽനസ്സ് സെന്റർ & യോഗ പരിശീലനം ആരംഭിച്ചു.

Women wellness and Yoga centre started in Payyannur Municipality.

25. സ്ത്രീകളുടെ 3 പേർ അടങ്ങിയ മത്സ്യ കൃഷി ഗ്രൂപ്പ് സംരംഭം ആരംഭിച്ചു.

Establishment of women group aquaculture unit **(Innovative)**

## New initiatives

## 1. RO plant

The RO plant opened at Payyanur Municipality office premises is located near to Payyanur bus stand. A four member team is entrusted with the charge of running the RO plant and supply the drinking water cans.The bottled drinking water is named as ‘Sheethalam’. Kudumbashree had launched the idea of launching a Reverse Osmosis Plant to produce bottled drinking water, as part of the National Urban Livelihoods Mission .The public need to give a nominal charge of just Rs 30 for 20 litres of pure drinking water. The plant has the capacity to purify 500 litres of water per hour. The water is purified using reverse osmosis technology to treat the filtered water. The water will be then purified through ultraviolet treatment and the purity of the water is ensured. Rs. 12,75,000 is the total project cost out of which Rs 6,37,500 lakhs was the share of Urban Local Body (ULB) and the rest of the project cost (Rs 6,37,500) was funded through the loan availed by Kudumbashree members.

### ‘ശീതളം’ കുടിവെള്ള യൂണിറ്റ്

നഗരസഭയുടെ സഹായത്തോടെ കുടുംബശ്രീ എൻ യു എൽ എം പദ്ധതി വഴി ‘ശീതളം’ കുടിവെള്ള യൂണിറ്റിന്റെ ഉദ്ഘാടനമാണ് ഇന്നിവിടെ നടക്കുന്നത്. സുരക്ഷിതമായ സ്രോതസ്സിൽ നിന്ന് പമ്പ് ചെയ്യുന്ന വെള്ളം ശാസ്ത്രീയമായ ക്ലോറിനേഷനു ശേഷം ഡ്യുവൽ മീഡിയ, അയേൺ റിമൂവർ, ആക്ടീവ് കാർബൺ ഫിൽറ്റർ എന്നിവയിലൂടെ കടന്ന് 2 മൈക്രോൺ ഫിൽറ്ററുകൾ വഴി റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യയിലൂടെ പൂർണ്ണമായും ശുദ്ധീകരിച്ച ശേഷം അൾട്രാ വയലറ്റ് ട്രീറ്റ്മെന്റ് കൂടി നടത്തി ശുദ്ധീകരണം ഉറപ്പു വരുത്തിയ ശേഷം സ്റ്റെയിൻലെസ് സ്റ്റീൽ ടാങ്കുകളിൽ സംഭരിച്ച് വിതരണത്തിന് തയ്യാറാക്കുന്നു. നൂതന സാങ്കേതിക വിദ്യയിലൂടെ ശുദ്ധീകരണം ഉറപ്പുവരുത്തി കുടിവെള്ളം ഉൽപ്പാദിപ്പി ക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ശുദ്ധീകരിച്ച 20 ലിറ്റർ വെള്ളത്തിന് 30 രൂപ ഈടാക്കിയാണ് സ്ഥാപനങ്ങളിലും മറ്റും എത്തിച്ച് കൊടുക്കുന്നത്. ഇതിൽ

8 രൂപ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഹെഡിൽ ധാരണ കമ്പനിക്കും 2 രൂപ നഗരസഭയ്ക്കുമാണ്. 1 മണിക്കൂറിൽ 500 ലിറ്റർ വെള്ളം റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യയിലൂടെ ശുദ്ധീകരിക്കാനുള്ള പ്ലാന്റ് ഒരുക്കിയാണ് ശുദ്ധജല വിതരണം നടത്തുന്നത്. 12.75 ലക്ഷം രൂപ ചെലവിലാണ് പ്ലാന്റ് സ്ഥാപിച്ചത്. ഇതിൽ 6,37,500 രൂപ നഗരസഭയുടെ പദ്ധതി വിഹിതവും 6,37,500 രൂപ കുടുംബശ്രീ യൂണിറ്റ് എൻ യു എൽ എം പദ്ധതി വഴി പഞ്ചാബ് ബാങ്കിൽ നിന്ന് വായ്പയുമാണ്. ദിവ്യ പി, ലീന കെ വി, പ്രസീത കെ , നന്ദ സുരേന്ദ്രൻ എന്നീ 4 പേർ ചേർന്നാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്. നഗരസഭ ഓഫീസ് കോംപൗണ്ടിൽ പ്രവർത്തി ക്കുന്ന പ്ലാന്റിൽ സ്ഥാപിക്കുന്ന വെന്റിങ്ങ് മെഷിനിൽ നിന്ന് ഒരു രൂപക്ക് ഒരു ലിറ്റർ വെള്ളം ലഭ്യമാക്കാനുള്ള പദ്ധതി ഉടൻ ആരംഭിക്കും.

## Vanitha Security Team

First women security team of NULM/ Kudumbashree was formed in Payyannur under the leadership of Kudumbashree CDS and Payyannur Municipality. The team decided to implement this novel idea as part of the National Urban Livelihoods Mission NULM) programme under the leadership of Kudumbashree CDS on realizing that there exists many opportunities for women in this sector.As part of forming security team, Payyanur team invited applications from those candidates would be interested, if such job opportunities would be evolved. Out of the 50 women who applied, 35 were selected and were given two days training. 28 of them were given special uniform and the team was setup. The aim is to provide security service in enterprise model. Women team will be for hire, for surveillance, traffic control and security purposes at auditoriums, shops, marriage functions, trade fairs and other functions.Within one week of the launch, the team received 3 notable opportunities. The team is all set to extend their services not only in Payyanur Municipality, but also for programmes which would be held all across Kannur. They will work as security personnel for one or two days as per need. Or, they

are willing to work as a regular women security personnel at any institutions during day time.

കേരളത്തിൽ ആദ്യമായി വനിതാ സെക്യൂരിറ്റി ടീം നഗരസഭയുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ പയ്യന്നൂരിൽ രൂപീകരിച്ചു. സെക്യൂരിറ്റിയായി ജോലി ചെയ്യാനുള്ള ധാരാളം അവസരങ്ങൾ സ്ത്രീകള്ക്കുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് ഇത്തരത്തിലൊരു വനിതാ സെക്യൂരിറ്റി ടീം രൂപീകരിക്കുന്നതിന് പയ്യന്നൂർ നഗരസഭയിലെ എൻ യു എൽ എം (ദേശീയ നഗര ഉപജീവന ദൗത്യം) പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സിഡിഎസിന്റെ നേതൃത്വത്തിൽ ഇത്തരമൊരു ആശയം നടപ്പിലാക്കാൻ തീരുമാനിച്ചത്. വനിതാ സെക്യൂരിറ്റി ടീം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള തൊഴിലവസരങ്ങളുണ്ടാകുമ്പോൾ ആ ജോലി ചെയ്യാൻ താത്പര്യമുള്ള സ്ത്രീകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 50 ഓളം സ്ത്രീകൾ അപേക്ഷിച്ചതിൽ 35 പേരെ തെരഞ്ഞെടുത്തു. ഇവർക്ക് രണ്ട് ദിവസത്തെ പരിശീലനം നല്കി. ഇതിൽ 28 പേർക്ക് പ്രത്യേക യൂണിഫോം ഉൾപ്പെടെ തയാറാക്കി നല്കി വനിതാ സെക്യൂരിറ്റി ടീമെന്ന നിലയിൽ സജ്ജരാക്കി. ഓഡിറ്റോറിയം, വ്യാപാര സ്ഥാപനങ്ങൾ, കല്യാണങ്ങൾ, മേളകൾ, മറ്റ് ചടങ്ങുകൾ എന്നിവയിൽ പൊതുജനങ്ങളെ നിയന്ത്രിക്കാൻ വനിതാ സെക്യൂരിറ്റികളെ ആവശ്യമുള്ള സാഹചര്യങ്ങളിൽ സംരംഭ മാതൃകയിൽ, പ്രതിഫലം വാങ്ങി ഇവരുടെ സേവനം ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യം. പ്രവർത്തനം ആരംഭിച്ച് ഒരാഴ്ച്ചയ്ക്കിടയിൽ ഇതുവരെ മൂന്ന് ശ്രദ്ധേയമായ അവസരങ്ങൾ ഇവർക്ക് ലഭിച്ചു. ഇനി പയ്യന്നൂർ നഗരത്തിൽ മാത്രമല്ല, കണ്ണൂർ ജില്ലയിലാകെ നടക്കുന്ന ചടങ്ങുകളിലും മറ്റും സെക്യൂരിറ്റി എന്ന നിലയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രമായോ അല്ലെങ്കിൽ സ്ഥാപനങ്ങളിലും മറ്റും വനിതാ സെക്യൂരിറ്റി എന്ന തസ്തികയിൽ തുടർച്ചയായോ പകൽ സമയങ്ങളിൽ പ്രവർത്തിക്കാനായി ടീം സജ്ജമാണ്.

## 4.SEP GROUP

The group‘***Spring for mothers to be***’ started its Function in 2018 under NULM in Payyannur.The prime objective of the group is to deliver all products for pregnant ladies and new born under one umbrella. The group members were eager to establish the activity

group and approached Payyannur Municipality NULM office to start the enterprise. The group consist 3 members 2 male and one female namely Sudarshan ,Arjunand Taniya .They actively participated in four days EDP training and got loan 6 lakhs from Payyannur Service Cooperative bank under NULM .They provide services like dresses for pregnant ladies and newborns ,baby care products ,Non toxic wooden toys, Maternity photo shooting ,Parenting books ,music etc..They said that they are getting good response and sales from the field and like to start business in other cities also.

പയ്യന്നൂർ നഗരസഭയിൽ കുടുംബശ്രീ എൻ യു എൽ എം പദ്ധതി വഴി ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും ആവശ്യമായ എല്ലാ സാധനങ്ങളും ഒരു കുടക്കീഴിൽ അണിയിച്ചൊരുക്കി പയ്യന്നൂരിന്റെ ഹൃദയ ഭാഗത്ത് **സ്പ്രിങ് ഫോർ മതേർസ് റ്റു ബീ** എന്ന പേരിൽ ഒരു ഗ്രൂപ്പ് സംരംഭം ആരംഭിച്ചു.പയ്യന്നൂർ നഗരസഭയിലെ താനിയ, സുദർശൻ, അർജ്ജുൻ എന്നീ മൂന്ന് പേരടങ്ങിയ ഗ്രൂപ്പാണ് സംരംഭം ആരംഭിച്ചിരിക്കുന്നത്. 6 ലക്ഷം ലോണായി എൻ യു എൽ എം പദ്ധതി വഴി പയ്യന്നൂർ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നും ലഭിച്ചു. ഗ്രൂപ്പ് അംഗങ്ങൾ 4 ദിവസത്തെ ഇ ഡി പി പരിശീലനം നേടി സംരംഭം തുടങ്ങാൻ നഗരസഭയെ സമീപിക്കുകയും നഗരസഭ ചെയർമാൻ, സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് എന്നിവരുടെ പൂർണ്ണമായ സഹകരണം സംരംഭം തുടങ്ങുന്നതിന് നൽകുകയും ചെയ്തു. ഗർഭകാലവുംമുലയൂട്ടലും സൗകര്യപ്രദമാക്കാൻ അനുയോജ്യമായ വസ്ത്രങ്ങൾ, നവജാത ശിശുവിന്റെ നനുഞ്ഞ ശരീരങ്ങൾക്ക് മാർദ്ദവം നൽകുന്ന ഓർഗാനിക് കോട്ടൺ വസ്ത്രങ്ങൾ, പിറക്കാനിരിക്കുന്ന കുഞ്ഞിനും അമ്മമാർക്കും അപകടമുണ്ടാക്കാത്ത ഓർഗാനിക് കോസ്മെറ്റിക്സ്, തുണികൊണ്ടുള്ള ഡയപ്പറുകൾ, സ്റ്റീൽ ഫീഡിംഗ് ബോട്ടിലുകൾ, കോട്ടൺ തുണിതൊട്ടിലുകൾ , കുട്ടികൾക്ക് വിഷരഹിത വുഡൻ കളിപ്പാട്ടങ്ങൾ, മെറ്റേണിറ്റി ഫോട്ടോ ഷൂട്ട്, പാരന്റിംഗ് ബുക്സ്, മ്യൂസിക്സ് തുടങ്ങിയ സേവനങ്ങളാണ് ഇവിടെ നിന്നും ലഭിക്കുക.